(ബി) പ്രസ്തുത എൽ. പി. സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക പദ്ധതി നടപ്പിലാക്കുമോ;

(സി) എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്കൂളിൽ ഒഴിവുള്ള തസ്തികകളിൽ അടിന്തിരമായി നിയമനം നടത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായി തീരുമാനിച്ചിട്ടില്ല.

(ബി ആന്റ് സി) ഇപ്പോൾ പ്രത്യേക പദ്ധതികളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) പരിഗണിക്കാവുന്നതാണ്.

തോട്ടം മേഖലയിലെ സ്കൂളുകളിലെ കുട്ടികൾ കൂട്ടത്തോടെ ടി. സി. വാങ്ങി തമിഴ്നാട്ടിലെ സ്കൂളുകളിൽ ചേരുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി

95 [1505] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

" എം. കുമാരൻ:

" പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്ന തോട്ടം മേഖലയിലെ സ്കൂളുകളിലെ കുട്ടികൾ ടി. സി. വാങ്ങി തമിഴ്നാട്ടിലെ സ്കൂളുകളിലേക്ക് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ രണ്ട് അദ്ധ്യയന വർഷത്തിലും ഈ അദ്ധ്യയന വർഷത്തിലും ആയി എത്ര കുട്ടികൾ ഈ മേഖലയിൽ നിന്നും ടി. സി. വാങ്ങി പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയിൽ എസ്. എസ്. എൽ. സി. പഠനം കഴിഞ്ഞ നിരവധി കുട്ടികൾ പഠനം ഉപേക്ഷിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം കുട്ടികളെ കണ്ടെത്തി വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 146 കുട്ടികൾ ഇപ്രകാരം ടി. സി. വാങ്ങി പോയിട്ടുണ്ടെന്ന് ഇടുക്കി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഹയർസെക്കന്ററി കോഴ്സുകൾ അനുവദിക്കുന്ന അവസരത്തിൽ ഇത്തരം മേഖലകൾക്ക് പ്രത്യേക പരിഗണന നൽകാറുണ്ട്.

പരപ്പനങ്ങാടി തീരപ്രദേശത്ത് യു. പി. സ്കൂൾ പഠനത്തിന് സൗകര്യമൊരുക്കൽ

96 [1506] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പനങ്ങാടി പഞ്ചായത്തിലെ പത്ത് കിലോമീറ്ററോളം വിസ്തൃതിയുള്ളതും ഏഴ് വാർഡുകൾ ഉൾപ്പെട്ടതും പതിനായിരത്തോളം ജനങ്ങൾ താമസിക്കുന്നതുമായ തീരപ്രദേശത്ത് യു. പി. സ്കൂൾ പഠനത്തിന് സൗകര്യങ്ങൾ ഇല്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശത്തെ മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് യു. പി. സ്കൂൾ പഠനം നിഷേധിക്കപ്പെടുകയാണെന്ന കാര്യം സർക്കാർ കണക്കിലെടുക്കുമോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ പരപ്പനങ്ങാടി തീരപ്രദേശത്തെ ഫിഷറീസ് ജി.എം.എൽ.പി.എസ്., പുത്തൻകടപ്പുറം ജി. എം. എൽ. പി. എസ്., ടൗൺ ജി. എം. എൽ. പി. എസ്. എന്നീ എൽ. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനോ നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനോ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുന്ന അവസരത്തിൽ ഇക്കാര്യം കണക്കിലെടുക്കുന്നതാണ്.

(സി) സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുവാൻ നയപരമായ തീരുമാനം കൈക്കൊള്ളുമ്പോൾ ഈ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം അർഹതാടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly